<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4405</u> <u>01-07-2024 - ൽ മറുപടിയ്ക്ക്</u>

<u>കൈത്തറി സഹകരണ സംഘങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. രജിസ്ട്രേഷനുള്ള കൈത്തറി സഹകരണ സംഘങ്ങൾ സർക്കാരിന് യൂണിഫോം നൽകിയതിന്റെ ഭാഗമായി നൽകാനുള്ള പതിനെട്ട് ശതമാനം ജി.എസ്.ടി. തുക സംഘങ്ങൾക്ക് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി യൂണിഫോം തുണിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് അസംസ്കൃത വസ്തുവായ നൂൽ സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകളിൽ നിന്ന് വാങ്ങുകയും ജി.എസ്.റ്റി ഉൾപ്പടെയുള്ള തുക അതിനായി നൽകി വരികയും ചെയ്യുന്നു.<br><br>പ്രസ്തുത നൂൽ ഉപയോഗിച്ച് യൂണിഫോം തുണി നെയ്യുന്നതിനുള്ള നെയ്ത്തു കൂലി നെയ്ത്തുകാർക്കു നേരിട്ട് ഡയറക്റ്റ് ബെനഫിറ്റ് ട്രാൻസ്ഫർ വഴി അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നു. ഈ പദ്ധതിക്കായി ഓരോ വർഷവും 40 ലക്ഷത്തോളം മീറ്റർ തുണിയുടെ ഉല്പാദനത്തിന് ആവശ്യമായ നൂലിന്റെ വില സ്പിന്നിംഗ് മില്ലുകൾക്കും നെയ്ത്തു കൂലി നെയ്ത്തുക്കാർക്കും നൽകുന്നതിനാൽ, സംഘങ്ങളുമായി പണമിടപാടുകൾ നടത്തുന്നില്ല. എന്നാൽ ഒരു മീറ്റർ തുണി ഉല്പാദിപ്പിക്കുമ്പോൾ 4.92/-രൂപ സംഘങ്ങൾക്കു മാർജിൻ (administrative cost) ആയി നൽകുന്നുണ്ട്. അതിന്റെ 18% ആണ് സംഘങ്ങൾക്ക് ജി.എസ്.റ്റി അടക്കേണ്ടി വരുന്നത്. |

സെക്ഷൻ ഓഫീസർ